നം.9551/ഇ2/2010/കെഎസ്എച്ച്ഒ 13/09/2022

# കുടുംബശ്രീ കരാർ നിയമനം
## വിജ്ഞാപനം – (Code : PF AC)

കുടുംബശ്രീ സംസ്ഥാന മിഷനിൽ ഒഴിവുള്ള പ്ലാൻഫണ്ട് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം വാർഷിക കരാർ വ്യവസ്ഥയിലായിരിക്കും.

| | | | |
|---|---|---|---|
| 1. | **തസ്തിക** | : | അക്കൗണ്ടന്റ് (പ്ലാൻ ഫണ്ട്) |
| 2. | **ഒഴിവ്** | : | 1 |
| 3. | **നിയമന രീതി** | : | കരാർ നിയമനം<br>(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2023 വരെ) |
| 4. | **വിദ്യാഭ്യാസ യോഗ്യത** | : | ബി.കോം, ഡി.സി.എ, റ്റാലി |
| 5. | **പ്രായപരിധി** | : | 31/08/2022 ന് 40 വയസ്സിൽ കൂടാൻ പാടില്ല |
| 6. | **പ്രവൃത്തിപരിചയം** | : | സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ /പ്രോജക്ടുകൾ, കുടുംബശ്രീ എന്നിവയിലേതിലെ ങ്കിലും അക്കൗണ്ടന്റായി 2 വർഷത്തെ പ്രവൃത്തി പരിചയം നിർബന്ധം. |
| 7. | **വേതനം** | : | 30,000 രൂപ പ്രതിമാസം. |

8. **ജോലിയുടെ സ്വഭാവം**

കുടുംബശ്രീയുമായി ബന്ധപ്പെട്ട പ്ലാൻ ഫണ്ട് അക്കൗണ്ട്സ്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അക്കൗണ്ട്സ് എന്നിവ ടാലിയിൽ എൻട്രി വരുത്തുക, കേന്ദ്രാ വിഷ്കൃത പദ്ധതികളുടെ പി.എഫ്.എം.എസ്, സംസ്ഥാന സർക്കാരിന്റെ BAMS/BIMS എന്നിവയിൽ അറിവ്, ബുക്ക്സ് ഓഫ് അക്കൗണ്ട്സ് തയ്യാറാക്കുക, ജി.എസ്.ടി – ടി.ഡി.എസ് ഫയലിംഗ്, മോണിറ്ററിംഗ് & ഫോളോ അപ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്- എ.ജി ഓഡിറ്റ്-ലോക്കൽ ഫണ്ട് ഓഡിറ്റ് മറുപടി നൽകൽ, ഇന്റേണൽ ഓഡിറ്റ്, 14 ജില്ലാമിഷനുകളുടെയും അക്കൗണ്ട് സംബന്ധിച്ച കോ-ഓർഡിനേഷൻ തുടങ്ങിയവ.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്.
3. ഉദ്യോഗാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

10. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡാറ്റകൾ വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് പൂർണ്ണ അധികാരം സി.എം.ഡി.ക്കായിരിക്കും.
2. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

**www.cmdkerala.net** എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി :** 2022 സെപ്തംബർ 30, വൈകുന്നേരം 5 മണി

13. **മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ടി തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ടിരിക്കുന്ന പ്രവൃത്തിപരിചയം അപേക്ഷ പരിഗണിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. പുതിയ തസ്തികയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ